9-ാം വർഷം
2026
ഫെബ്രുവരി 15
നോമ്പ് ഒന്നാം ഞായർ



Laity Reflect on
Syro-Malabar Sunday Mass
SCRIPTURE READINGS



സൗജന്യമായി സൃഷ്ടിച്ചു; ജീവൻ കൊടുത്തു രക്ഷിച്ചു

പുറപ്പാട് 24:12-18 മോശ നാൽപതുദിവസം സീനായ് മലയിൽ
പ്രഭാഷകൻ 2:1-11 കർത്താവിൽ ആശ്രയിച്ച് പ്രലോഭനങ്ങളെ നേരിടുക
ഹെബ്രായർ 2:10-18 പരീക്ഷിക്കപ്പെടുന്നവരെ സഹായിക്കാൻ കഴിവുള്ളവൻ
ലൂക്കാ 4:1-13 മിശിഹായുടെ നാൽപതുദിവസത്തെ ഉപവാസം

ദൈവത്തിന്റെ മൂലധനം:

ലോകത്തെ സൃഷ്ടിക്കുന്നതിന് ദൈവത്തിന് മൂലധനം മുടക്കേണ്ടി വന്നില്ല. എന്നാൽ ലോകത്തെ രക്ഷിക്കുന്നതിനു ദൈവപുത്രന്റെ ജീവരക്തമാണ് വിലയായി നൽകേണ്ടിവന്നത് എന്നു ക്രിസ്തുവിന്റെ ജീവചരിത്രമെന്ന കൃതിയിൽ ഫുൾട്ടൻ ജെ ഷീൻ നിരീക്ഷിക്കുന്നുണ്ട്. ഈ മൂലധനസമാഹരണത്തിന്റെ തിരുഒരുക്കങ്ങളായി മിശിഹായുടെ നാൽപതു ദിവസത്തെ ഉപവാസത്തെ അടയാളപ്പെടുത്തിയാവട്ടെ ഇന്നത്തെ വചനവിചിന്തനങ്ങൾ.

നാൽപതിന്റെ ആവർത്തനങ്ങൾ:

നാൽപതു വർഷത്തെ മരുഭൂമിയിലൂടെയുള്ള അലഞ്ഞു നടപ്പിന്റെ ജീവിതാനുഭവം പേറിയ ഇസ്രായേൽ ജനം, ദൈവസ്വരത്തിനു കാതോർക്കാൻ നാൽപതു ദിനരാത്രങ്ങൾ യാതൊന്നും ഭക്ഷിക്കുകയോ പാനം ചെയ്യുകയോ ചെയ്യാതെ സീനായ് മലയിൽ കഴിച്ചു കൂട്ടിയ മോശ, ദൈവിക സാന്നിധ്യം അനുഭവിക്കുവാൻ ഹൊറേബ് മലയിലേക്ക് നാൽപതു ദിവസം യാത്ര ചെയ്ത ഏലിയ, നശിപ്പിക്കപ്പെടാൻ പോകുന്ന നിനവേ നഗരത്തെ രക്ഷിക്കുവാൻ വേണ്ടി ദൈവത്തിൽ വിശ്വസിച്ച് നാൽപതു ദിവസത്തെ ഉപവാസം ഏറ്റെടുത്ത നിനവേ



ടോം അലക്സ് വഴുതനപ്പിള്ളിൽ

വാസികൾ, ദിവ്യയാഗത്തിന്റെ പൂർത്തീകരണത്തിനുള്ള പരസ്യജീവിതാരംഭത്തിന്റെ ഒരുക്കമായി നാൽപതു പകലിരവുകൾ മരുഭൂമിയിൽ ഉപവാസത്തിൽ ചിലവഴിച്ച ദൈവപുത്രൻ! ഇവയെല്ലാം ദൃശ്യപ്പെടുത്തുന്നത് ദൈവസാന്നിധ്യാനുഭവത്തിലേക്ക് നടന്നടുക്കുന്നതിന്റേയും ദൈവസ്വരത്തിനായി കാതോർക്കുന്നതിന്റേയും പോക്കുവരവുകളാണ്.

ഈശോയുടെ മരുഭൂമി പരീക്ഷ

യേശുവിന്റെ മരുഭൂമി പരീക്ഷ സമാന്തരസുവിശേഷങ്ങളിലെല്ലാം വിവരിക്കുന്നുണ്ട്. ജോർദ്ദാനിലെ ജ്ഞാനസ്നാനസ്വീകരണാനന്തരം, ദൗത്യനിർവ്വഹണത്തിനായി പരിശുദ്ധാത്മാവിനാൽ അഭിഷിക്തനായ യേശു, ആത്മാവിനാൽ തന്നെ മരുഭൂമിയിലേക്ക് നയിക്കപ്പെട്ടു എന്നതാണ് സുവിശേഷകർ രേഖപ്പെടുത്തിയിരിക്കുന്നത്. മരുഭൂമി ഒരേസമയം പൈശാചിക ശക്തികളുടേയും ദൈവസാന്നിധ്യത്തിന്റെയും ദൈവാനുഭവത്തിന്റേയും വേദിയായി സുവിശേഷങ്ങൾ വരച്ചിടുന്നു. ഫ്രാൻസീസ് മാർപ്പാപ്പയുടെ വാക്കുകൾ ഈ അവസരത്തിൽ ഓർത്തെടുക്കപ്പെടേണ്ടതാണ്. ദൈവത്തിൽ നിന്ന് മനുഷ്യനെ അകറ്റി, അവനെ സുഖലോലുപതകളുടേയും അധികാരഗർവുകളുടേയും പരസ്പര വിശ്വാസമില്ലായ്മയുടെയും ഇടനാഴികളിലേക്ക് നയിക്കാൻ പൈശാചിക ശക്തികൾ ഉണർന്നു പ്രവർത്തിക്കുമ്പോഴും അവയിൽ നിന്ന് വിമോചിതരാകാൻ ഒരു ദൈവസാന്നിധ്യം സദാ നമ്മളിൽ ഒരു നിശബ്ദ സാന്നിധ്യമായി കുടികൊള്ളുന്നുണ്ട്.

സാത്താൻ ഒരുക്കുന്ന കുറുക്കുവഴികൾ

ആ ദിവസങ്ങളിൽ ഒന്നും ഭക്ഷിക്കാകയാൽ വിശന്നിരുന്ന ഈശോയെ സമീപിച്ച് സാത്താൻ പരീക്ഷയുടെ ത്രിതല വാഗ്ദാനങ്ങൾ മുന്നോട്ടു വയ്ക്കുകയാണ്. ഇന്നിന്റെ ഭാഷയിൽ പറഞ്ഞാൽ, ജനപ്രീതി പിടിച്ചുപറ്റാവുന്ന മൂന്ന് ഓഫറുകൾ! അപ്പത്തിന്റെയും അധികാരത്തിന്റെയും വിജയത്തിന്റെയും മേഖലകളിൽ മിന്നും വിജയം നേടാനാകുന്ന കുറുക്കുവഴികളാണ് സാത്താൻ ഈശോയുടെ മുന്നിൽ അവതരിപ്പിക്കുന്നത്. കല്ലിനെ അപ്പമാക്കിക്കൊണ്ട് ക്ഷിപ്രവേഗത്തിൽ കാര്യസാധ്യത്തിനുള്ള ഒന്നാമത്തെ വാഗ്ദാനം, തന്നെ കുമ്പിട്ടാരാധിച്ചാൽ സർവ്വ അധികാരവും വാഗ്ദാനം ചെയ്യപ്പെടുന്ന ഒരു രാഷ്ട്രീയ അടവുനയം പ്രതിഫലിപ്പിക്കുന്ന രണ്ടാമത്തെ വാഗ്ദാനം, ദേവാലയ ഗോപുരശൃംഗത്തിൽനിന്ന് പരുക്കേൽക്കാതെ താഴേക്കുചാടി ലോകരെ വിസ്മയിപ്പിക്കാൻ പറ്റുന്ന ഒരു ചെപ്പടിവിദ്യയുടെ മൂന്നാമത്തെ വാഗ്ദാനം! കുരിശെന്ന ആയുധം സ്വീകരിച്ചുകൊണ്ട് സ്വപിതാവിന്റെ ഹിതം നിറവേറ്റാൻ ഒരുങ്ങുന്ന ദൈവപുത്രന്റെ മുൻപിൽ, കാര്യസാധ്യത്തിനായി മൂന്നു കുറുക്കുവഴികൾ അവതരിപ്പിച്ച് കുരിശിന്റെ മാർഗ്ഗം ഉപേക്ഷിക്കാൻ പ്രലോഭിപ്പിക്കുന്ന സാത്താനെയാണ് സുവിശേഷങ്ങൾ നമ്മുടെ മുൻപിൽ വിവ്യക്തമാക്കുന്നത്.

സാത്താനുമായുള്ള സംഭാഷണത്തിൽ പിശിക്കുകാട്ടുന്ന ഈശോ

മരുഭൂമിയിലെ പ്രലോഭനവേളയിൽ പ്രലോഭകനുമായി ദീർഘസംഭാഷണത്തിന് ഈശോ മുതിരുന്നതായി നാം കാണുന്നില്ല. അപ്പംകൊണ്ടു മാത്രമല്ല മനുഷ്യൻ ജീവിക്കുന്നത്, നിന്റെ ദൈവമായ കർത്താവിനെ നീ ആരാധിക്കണം, നിന്റെ ദൈവമായ കർത്താവിനെ നീ പരീക്ഷിക്കരുത് (ലൂക്കാ 4:....) എന്നീ ഹ്രസ്വമായ മറുപടികളിലൂടെയാണ് പരീക്ഷകളുടെ മേൽ ഈശോ വിജയം നേടുന്നത്. നുണയനും നുണയന്റെ പിതാവുമായ പ്രലോഭകനെ ദൈവവചനം കൊണ്ട് നേരിടുന്ന ഈശോയെ ഈ സുവിശേഷഭാഗത്ത് നാം കണ്ടുമുട്ടുന്നു.

പ്രലോഭനങ്ങൾ നമുക്ക് ചുറ്റും

ആധുനിക ലോകരും പ്രലോഭനങ്ങളുടെ മധ്യേ ജീവിക്കുന്നവരാണ്. മരുഭൂമി പരീക്ഷയിൽ പ്രകടമായ അപ്പത്തിന്റേയും അധികാരത്തിന്റേയും ജീവിത വിജയത്തിന്റേയും വഴികളിൽ മുന്നേറാൻ കുറുക്കുവഴികൾ പ്രത്യക്ഷപ്പെടുന്ന പ്രലോഭന അവസരങ്ങൾ നമുക്കു ചുറ്റും സുപരിചിതങ്ങളുമാണ്. ദീർഘവും ക്ലേശകരവുമായ വഴികളിലൂടെ വിജയം നേടാൻ ശ്രമിക്കുന്ന വേളകളിൽ മനുഷ്യ ജീവിതങ്ങളുടെ മുൻപിൽ പ്രത്യക്ഷപ്പെടുന്ന കുറുക്കുവഴികൾ പ്രഥമദൃഷ്ട്യാ സ്വീകാര്യമായി തോന്നാം. നമ്മളെ വശത്താക്കാൻ നമുക്കു മുൻപിൽ നിരത്തപ്പെടുന്ന പ്രലോഭകന്റെ ഓഫറുകളായി അവയെ തിരിച്ചറിയുന്നിടത്താണ് നമ്മുടെ വിശ്വാസത്തിന്റെ വേരുറപ്പ് നിർവഹിക്കപ്പെടുന്നത്. കുരിശിലെ ബലിയിലൂടെ ലോകരക്ഷയ്ക്കായി മന്നിൽനിന്ന് മണ്ണിലേക്ക് വന്ന ദൈവപുത്രനെ കേവലം ഒരു പാചകക്കാരന്റെ റോളിലേക്കു മാറ്റി വിസ്മയം തീർക്കാൻ പിശാച് ക്ഷണിച്ചത് മരുഭൂമിയിലെ പരീക്ഷയിൽ നാം കണ്ടതാണ്. (കല്ലിനെ അപ്പമാക്കാൻ പറഞ്ഞത്) ഭൂമിയിലെ സർവ്വ അധികാരങ്ങളും നൽകപ്പെട്ടിരിക്കുന്ന (മത്തായി 28:18) ദൈവപുത്രനെ പരീക്ഷിക്കാൻ ശ്രമിച്ച പ്രലോഭകൻ ഇന്ന് നമുക്കു ചുറ്റും വട്ടമിട്ടു നടക്കുന്നുണ്ട് എന്നത് നാം മറന്നുകൂടാ. പ്രഭാഷകൻ ഓർമ്മപ്പെടുത്തുന്നു, കർത്താവിനെ ആശ്രയിച്ചിട്ട്, ആരാണ് ഭഗ്നാശനായത് (പ്രഭാഷ 2:10). പരീക്ഷപ്പെടുന്നവരെ സഹായിക്കാൻ പീഢസഹിക്കുകയും പരീക്ഷപ്പെടുകയും ചെയ്തവനു സാധിക്കും. (ഹെബ്രാ 2:18) തിരുവചനങ്ങളും ദൈവാഭിമുഖ്യവും പ്രലോഭനങ്ങളെ നേരിടാൻ നമ്മളെ പ്രാപ്തരാക്കട്ടെ.

വേഗമേറുന്ന കാലം കൂടുതൽ സുഖമുള്ളതായി മാറിയോ?

ഒരു പ്രമുഖ സൗന്ദര്യവർധക ഉല്പന്നങ്ങളുടെ ശൃംഖലയുടെ മേധാവി ഈയിടെ നടത്തിയ ഒരു അഭിപ്രായ പ്രകടനം ഇപ്രകാരമായിരുന്നു. ടുലലറ ശ൧ ീീ ഹീീഴല്യ മ രീാുലശേശേ്ല മറ്മിമേഴല, കേ ശ൧ മ യമലെ ഹശിില ലഃുലരമേശേീീ! അതേ, വേഗമെന്നത് ഇന്നിന്റെ ഒരു അനിവാര്യതയായി മാറി എന്നാണ് അദ്ദേഹം സമർത്ഥിക്കുന്നത്.

ലോകം അങ്ങനെയാണുതാനും എന്ന് തോന്നിപ്പിക്കുന്നവിധമാണ് കാര്യങ്ങളുടെ ഗതിവിഗതികളും. ലോകത്തിന്റെ ഈ ധൃതിയിൽപ്പെട്ട്, ആത്മീയ പോരാട്ടങ്ങളിൽ നിന്ന് പലപ്പോഴും പിഴുതെറിയപ്പെടുന്ന അവസ്ഥാന്തര ങ്ങളിലേക്ക് നാം മാറിപ്പോകുന്നു എന്നത് ഒരു ഓർമ്മപ്പെടുത്തലായി നാം കൂടെ കൂട്ടണം. ഭൗതികാവശ്യങ്ങൾക്കുവേണ്ടി നിർത്താതെയുള്ള ഓട്ടങ്ങളിൽപ്പെട്ട് ക്ഷീണിതരാകുമ്പോഴാണ് പ്രലോഭകർ നമുക്കു മുൻപിൽ രക്ഷകരെന്ന ഭാവത്തിൽ പ്രത്യക്ഷരാകുന്നത്, വിശന്നിരുന്ന ഈശോയുടെ മുൻപിൽ പിശാച് എത്തിയതുപോലെ! നിത്യജീവിതങ്ങളുടെ പദപ്രശ്നങ്ങൾ പൂരിപ്പിക്കാനാവാതെ ഉഴലുമ്പോഴാണ് പ്രലോഭകവേഷങ്ങൾ പലപ്പോഴും നമുക്കു മുൻപിൽ അവതരിക്കുക. കാത്തിരിക്കുന്നവനാണ് പ്രലോഭകൻ. വിശക്കുന്നതുവരെ അവൻ ഇടപെടു കയില്ല. വിശന്നു തുടങ്ങുമ്പോൾ അവന്റെ മുഖം ദൃശ്യപ്പെടും. ധന സമ്പാദനവും അധികാര കസേരകളും ക്ഷിപ്രവിജയങ്ങളും ഈ ഗണത്തിൽ ചേർക്കപ്പെട്ടേക്കാം! ഓർക്കേണ്ടത്, പ്രലോഭകനുമായി തിരുസുതൻ സംഭാഷണത്തിനോ, സംവാദത്തിനോ മുതിർന്നില്ല എന്നതാണ്. ഫ്രാൻസീസ് മാർപ്പാപ്പ ഓർമ്മപ്പെടുത്തുന്നു,

Jesus never enters into a dialouge with devil, but he repels his insinuations with benificient words of the scripture. It is an invitation to us too. One can not defeat him by negotiating with him. He is stronger than us. We defeat devil by countering him is faith and divine words.

നോമ്പുകാലം നല്ലഓട്ടങ്ങളുടെ കാലം

നല്ല ഓട്ടം ഓടി എന്നവകാശപ്പെടാൻ നമ്മുടെ പക്കൽ ഒട്ടേറെ ന്യായീകരണ ങ്ങളുണ്ട്. എന്നാൽ വേണ്ടതുപോലെ ഓടിയോ, വേണ്ടിടത്ത് ഓടിയോ എന്നതാണ് പ്രസക്തമായ ചോദ്യം. ഈ ചോദ്യത്തിനുത്തരമേകുന്നതാകട്ടെ ഈ



നോമ്പുകാലം. നാൽപതു ദിനരാത്രങ്ങൾ ദൈവത്തോടൊപ്പം വസിച്ച് സീനായ് മലയിൽ നിന്ന് താഴേക്കു വന്ന മോശയുടെ മുഖം തേജോമയമായിരുന്നു. പ്രശോഭിതമായിരുന്ന മുഖം കണ്ട് അവനെ സമീപിക്കുവാൻ അഹറോനും ഇസ്രായേൽ ജനവും ഭയപ്പെട്ടു. (പുറപ്പാട് 34:29-30). ഈ നോമ്പുകാലം നമ്മുടെ മുഖങ്ങളേയും തേജോമയ മാകട്ടെ. ക്രിസ്തീയ ജീവിതത്തിനുള്ള മൂലധനം ശേഖരണത്തിന്റെ വഴികൾ സുഗമമാവുകയും ചെയ്യട്ടെ.

.....

(യുഎഇ യിൽ ഉദ്യോഗസ്ഥനും എഴുത്തുകാരനും ആണ് ലേഖകൻ)

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com